## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരള, തിരുവനന്തപുരം
## (സാന്നിദ്ധ്യം-എസ്. ആനന്ദകൃഷ്ണൻ. ഐ.പി.എസ്)

വിഷയം-എക്സൈസ് ഭരണപരം-കണ്ണൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-1. 08.10.2015-ലെ 7180/എഫ്.1/13/ടി.ഡി നമ്പർ സർക്കാർ കത്ത്.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇ.കെ.എം) 244/2020 നമ്പർ അന്യായത്തിലെ ഇടക്കാല ഉത്തരവും, 27-08-2020-ലെ അന്തിമ ഉത്തരവും.
3. ഈ ഓഫീസിലെ 15.03.2019-ലെ EXC/1074/2016/XD3-KNR നമ്പർ നടപടിക്രമം.
4. കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 16.04.2019, 24.04.2019, 18.07.2019 തീയതികളിലെ സി.2-5037/18 നമ്പർ കത്തുകൾ.

### ഉത്തരവ് നമ്പർ EXC/1074/16/XD3-KNR തീയതി 14-09-2020

കണ്ണൂർ എക്സൈസ് ഡിവിഷനിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 1-1-2009 മുതൽ 31-12-2015 വരെയുള്ള കാലയളവിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് 17-08-2018-ലെ ഉത്തരവ് നമ്പർ EXC/1074/2016/XD3-KNR പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു, തുടർന്ന് ടി സീനിയോറിറ്റി ലിസ്റ്റിനെതിരെ നിരവധി പരാതികൾ ലഭിച്ചതിനെതുടർന്ന് പരിശോധിച്ചതിൽ സൂചന (1) സർക്കാർ കത്തിലെ നിർദ്ദേശങ്ങൾ പ്രകാരമല്ല തയ്യാറാക്കിയത് എന്ന് കണ്ടതിനാൽ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റ് 12-11-2018-ലെ EXC/1074/2016/XD3 നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കിയിരുന്നു. പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ നിർബന്ധമാക്കിക്കൊണ്ട് 20-08-2011-ലെ ജി.ഒ.(പി) നമ്പർ 26/2011/പി. & എ ആർ ഡി പ്രകാരം ഉത്തരവ് വന്നതിനെ തുടർന്ന് കേരള എക്സൈസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയതിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട് വിവിധ പരാതികളും കോടതി കേസുകളും നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് തീയതിയ്ക്ക് മുമ്പുള്ള 19-08-2011 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കാൻ എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ പരാതിയും ആക്ഷേപങ്ങളും ഉന്നയിക്കുന്നതിന്

30 ദിവസത്തെ സാവകാശം നൽകി സൂചന (3) ഉത്തരവ് നമ്പർ EXC/1074/2016/XD3-KNR പ്രകാരം പ്രസിദ്ധീകരിക്കുകയുമുണ്ടായി. പ്രസ്തുത പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിന്മേൽ ആക്ഷേപമുന്നയിച്ചവരെ 7-8-2019-ന് നേരിൽ കേൾക്കുകയുണ്ടായി.

എന്നാൽ ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിനെതിരെ ശ്രീ. ടി. രാജേഷും മറ്റ് രണ്ടുപേരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1783/2019 നമ്പരായി അന്യായം ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No. 1783/2019 കേസിലെ 18-10-2019-ലെ ഉത്തരവ് പ്രകാരം ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിനെതിരെ സ്റ്റേ നേടുകയും ചെയ്തു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No. 1783/2019 കേസിലെ 25-11-2019-ലെ വിധിന്യായപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രസ്തുത കേസിൽ പരാതിക്കാരെ 2nd Respondent ആയ എക്സൈസ് കമ്മീഷണർ നേരിൽകേട്ട് തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവാകുകയുണ്ടായി. എക്സൈസ് കമ്മീഷണർ മുമ്പാകെ ഹർജിക്കാർ പരാതി സമർപ്പിക്കുകയും 22-01-2020-ൽ എക്സൈസ് കമ്മീഷണർ പരാതിക്കാരെ നേരിൽ കേൾക്കുകയുമുണ്ടായി.

ഒ.എ (ഇ.കെ.എം)1783/19 ഫയൽ ചെയ്ത സർവ്വ ശ്രീ.രാജേഷ്.ടി, ജിമ്മി.ഇ, പ്രമോദൻ.പി എന്നിവർ ഉൾപ്പെടെയുള്ള പ്രിവന്റീവ് ഓഫീസർമാർ സമർപ്പിച്ച നിവേദനങ്ങൾ, ആയതിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആക്ഷേപങ്ങൾ നിലനിൽക്കുന്നതല്ല എന്ന് കണ്ടതിനാൽ നിരസിച്ച് 07.02.2020-ലെ EXC/4913/2019/XD3-നമ്പർ പ്രകാരം ഉത്തരവായിരുന്നു.

തുടർന്ന് ശ്രീ.രാജേഷ്.ടി മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No.244/2020 ആയി പുതിയൊരു അന്യായം ഫയൽ ചെയ്യുകയും കണ്ണൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുന്നത് സ്റ്റേ ചെയ്യുകയുമുണ്ടായി. തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രസ്തുത കേസിൽ 23.07.2020-ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"The respondents are permitted to proceed with the finalization of the Seniority List in Kannur District taking note of the objections raised by the applicants including the contention that the finalization has to be in accordance with the relevant Government Orders Annexure A3 and A12. It is made clear that the final Seniority List shall be given effect to only on further directions by this tribunal".

ഒ.എ (ഇ.കെ.എം) 244/2020 അന്യായത്തിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ലയിൽ പ്രിവന്റീവ് ഓഫീസർമാരുടെ 1.01.2009 മുതൽ 19.08.2011 വരെയുള്ള കരട് സീനിയോരിറ്റി ലിസ്റ്റ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അംഗീകാരത്തിനായി 25.08.2020-ലെ 4913/2019/എക്സ്.ഡി.3 കത്ത് പ്രകാരം അയച്ചുകൊടുത്തിരുന്നു. MA(EKM) 1225/2020 in OA (EKM) 244/2020-ൽ 27.08.2020-ന് ബഹു. കോടതി താഴെപറയും പ്രകാരം ഉത്തരവ് നൽകിയിരുന്നു.

"In so far as a final seniority list of Excise Preventive Officers in Kannur Division has been published for the period from 01.01.2009 to 19.08.2011 the applicants have an efficacious statutory remedy by way of appeal under Rule 27B before the first respondent Government and the applicants, if so advised, shall prefer such appeal before the first respondent. The official respondents ie., applicants in MA (EKM) No.1225 of 2020, are permitted to proceed with preparation of the combined seniority list and further promotion which will subject to orders if any, in Rule 27B appeal and in the Original Application".

അപ്രകാരം കണ്ണൂർ ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അനുമതി ലഭിച്ചിട്ടുള്ളതാണ്.

01-01-2009 മുതൽ 19-08-2011 വരെയുള്ള കാലയളവിലെ കണ്ണൂർ ഡിവിഷനിലെ പ്രൊവിഷണൽ സീനിയോരിറ്റി പ്രസിദ്ധീകരിക്കുന്ന സമയത്ത് സ/ശ്രീ.കെ.ദിനേശൻ, സിജോ.സി.കെ, എബി തോമസ് എന്നിവർ പരാതി സമർപ്പിക്കുകയും, പ്രസ്തുത പരാതിയിൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ 1 മുതൽ 13 വരെയുള്ള പ്രിവന്റീവ് ഓഫീസർമാർക്ക്

01.01.2009-ന് മുമ്പുള്ള തീയതികളിൽ അസൈൻമെന്റ് നൽകിയിരിക്കുന്നുണ്ടെന്നും 03.06.2008 തീയതിയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ റേഷ്യോ പാലിച്ചിരുന്നതായും, 31.12.2008 തീയതിവരെ പ്രസിദ്ധീകരിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റുകൾ പ്രകാരം നിലവിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർമാരിൽ 15 റിട്ടയർമെന്റ് ഒഴിവുകളും, ഒരു പ്രിവന്റീവ് ഓഫീസർക്ക് പ്രമോഷൻ ലഭിച്ച ഒഴിവും, പോസ്റ്റ് ക്രിയേഷൻ മുഖേനയുള്ള 5 ഒഴിവുകളും നിലവിലുള്ള പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 2 പ്രിവന്റീവ് ഓഫീസർമാരുടെ റിട്ടയർമെന്റ് ഒഴിവുകളും ചേർത്ത് ആകെ 23 ഒഴിവുകളാണ് ഈ സീനിയോരിറ്റി ലിസ്റ്റിന്റെ കാലയളവിൽ (01.01.2009 മുതൽ 19.08.2011 വരെ) ഉണ്ടായിട്ടുള്ളതെന്നും, നേരിട്ട് നിയമനം ലഭിച്ച 3 പ്രിവന്റീവ് ഓഫീസർമാരുൾപ്പെടെ ടി ലിസ്റ്റിൽ 26 പേരെ മാത്രമേ ഉൾപ്പെടുത്താനാവൂ എന്നും എന്നാൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ 43 പേർക്ക് അസൈൻമെന്റ് നൽകിയിട്ടുള്ളതായി കാണുന്നതായും ആയത് കേഡർ സ്ട്രെങ്ത് മറികടക്കുന്നതിന് ഇടയാക്കുമെന്നും ആയതിനാൽ പ്രസ്തുത അപാകതകൾ പരിഹരിച്ച് മാത്രമേ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് അന്തിമമാക്കാവൂ എന്നും ആവശ്യപ്പെട്ടിരുന്നു.

കൂടാതെ ശ്രീ.കെ.വി.ഗിരീഷ്, താൻ എക്സൈസ് ടെസ്റ്റ്, എം.ഒ.പി, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവ പാസ്സായിട്ടുണ്ട് എന്നും ആയതിനാൽ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരുന്നു.

ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 1, 3 മുതൽ 14 വരെയും, 18, 19, 21, 22, 25, 26 എന്നീ പേരുകാർക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള ഒഴിവുണ്ടാകുന്ന തീയതികൾ (occurrence of vacancy/date of assignment) മുൻ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയതായും ക്രമ നമ്പർ 20-ന്റെ ഒഴിവുണ്ടാകുന്ന തീയതി മുൻ സീനിയോരിറ്റി ലിസ്റ്റിന്റെ കാലയളവിലാണെന്നും കാണുന്നു. എന്നാൽ ആയതിന് അസൈൻമെന്റ് നൽകിയതായി കാണുന്നില്ല. അക്കാരണത്താൽ തന്നെ ടി പ്രസ്തുത ഒഴിവുകൾ (ക്രമ നം. 20 ഒഴികെ) ഈ ലിസ്റ്റിൽ പരിഗണിക്കാനാവില്ല. ക്രമ നമ്പർ 2-ന് നേരെ സൂചിപ്പിച്ചിട്ടുള്ള ഒഴിവ് ശ്രീ.കെ.സി.ജോസ് സ്വമേധയാ വിരമിച്ച തീയതി പ്രകാരമുള്ള ഒഴിവാണ്. എന്നാൽ ശ്രീ.കെ.സി.ജോസിന്റെ പേര് മുൻ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി ഒഴിവ് ഇപ്പോൾ പരിഗണിക്കുന്നത് കേഡർ സ്ട്രെങ്തിൽ വ്യത്യാസം ഉണ്ടാക്കും. പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 15 ആയി ഉൾപ്പെടുത്തിയിട്ടുള്ള എം.രാഘവൻ 18.05.2009-ന് മരണപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ക്രമ നമ്പർ 18 ആയി സൂചിപ്പിച്ചിട്ടുള്ള ശ്രീ. ടി.ടി.വി ബാലകൃഷ്ണൻ 31.03.2010-ൽ സർവ്വീസിൽ നിന്നും

വിരമിച്ചിട്ടുള്ളതാണ്. പ്രസ്തുത തീയതികൾക്ക് മുമ്പായി ടിയാളുകൾക്ക് പ്രിവന്റീവ് ഓഫീസർ കേഡറിൽ അസൈൻമെന്റ് ലഭിക്കാത്തതിനാൽ ടിയാന്മാരുടെ മരണം/റിട്ടയർമെന്റ് മൂലമുണ്ടായ ഒഴിവുകൾ ഈ സീനിയോരിറ്റി ലിസ്റ്റിൽ പരിഗണിക്കാനാവാത്തതാണ്.

പ്രൊവിഷണൽ ലിസ്റ്റിലെ ക്രമനം. 28-ൽ Occurrence of vacancy തീയതി (Retirement of T.P. കുഞ്ഞികൃഷ്ണൻ) 01.02.2010 എന്ന് രേഖപ്പെടുത്തിയത് 01.04.2011 ആയി തിരുത്തേണ്ടതുണ്ട്. കൂടാതെ ക്രമ നം.39-ലെ Occurrence of vacancy (Retirement of Sri. D.Balan) തീയതി 25.02.2011 എന്നതിനുപകരം 01.04.2011 എന്ന് തിരുത്തേണ്ടതുണ്ട്.

മുൻ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ/ശ്രീ.വി.ജെ.ജോസഫ്, പി.വി.പുരുഷോത്തമൻ, പി.പി.ബാലകൃഷ്ണൻ എന്നിവരുടെയും പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 2 - ശ്രീ. പി.കെ.മുകുന്ദൻ, ക്രമ നമ്പർ 5 - ശ്രീ. സി.കെ.കുഞ്ഞികേളപ്പൻ എന്നീ പ്രിവന്റീവ് ഓഫീസർമാരുടെയും റിട്ടയർമെന്റ് മൂലമുണ്ടായിട്ടുള്ള ഒഴിവുകളും ശ്രീ.സിസി.ആനന്ദകുമാറിന്റെ പ്രൊമോഷൻ മൂലമുണ്ടായ ഒഴിവും കൂടി പരിഗണിക്കേണ്ടതുണ്ട്. കൂടാതെ ക്രമ നമ്പർ 20—നു നേരെയുള്ള ശ്രീ.മേരിദാസിന്റെ പ്രൊമോഷൻ ഒഴിവും പരിഗണിക്കേണ്ടതുണ്ട്.

സീനിയോരിറ്റി ലിസ്റ്റ് കാലയളവിലെ 17 റിട്ടയർമെന്റ് ഒഴിവുകളും 2 പ്രമോഷൻ ഒഴിവുകളും 5 പോസ്റ്റ് ക്രിയേഷൻ മുഖേനയുള്ള ഒഴിവുകളും ഉൾപ്പെടെ ആകെ 24 ഒഴിവുകൾ മാത്രമാണ് ടി കാലയളവിൽ ഉണ്ടായിട്ടുള്ളത്.

മേൽപ്പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോരിറ്റി കാലയളവിൽ കണ്ണൂർ ഡിവിഷനിൽ ഉണ്ടായിട്ടുള്ള 24 ഒഴിവുകളിൽ ക്രമ പ്രകാരം അസൈൻമെന്റ് നൽകിയും, നേരിട്ട് നിയമനം ലഭിച്ച 3 പ്രിവന്റീവ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച കണ്ണൂർ ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ എക്സൈസ് വകുപ്പിലെ പ്രിവൻറീവ് ഓഫീസർ/ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമവിധിയ്ക്ക് വിധേയമായും കണ്ണൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം ബഹു. കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A (ഇ.കെ.എം) 244/2020 അന്യായത്തിലെ 27.08.2020-ലെ വിധിയുടെ കൂടി അടിസ്ഥാനത്തിൽ അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ

വ്യക്തികൾക്ക്

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. വെബ്സൈറ്റ്
6. ഉത്തരവ് ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

എസ്.ജെ/15/9/20

## FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01.01.2009 to 19.08.2011.

Cadre Strength as on 01.01.2009:71 **KANNUR DIVISION** Cadre Strength as on 19.08.2011:76

| Sl. No | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service in the Division in the case of Promotee Preventive Officers/Advice Seniority in the case of direct recruits | Test Qualification | Date on which fully qualified for the post of Preventive Officer | Date of Assignment in the post of Preventive Officer | Date of Occurrence of Vacancy in the cadre of Preventive Officer | Nature of Occurrence (Retirement/Promotion/ Death/Creation) | Date on which Promoted in the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | K.C.Devasia | BA | 04.06.1957 | 18.02.1993 | PO Test | 05.01.2001 | 01.01.2009 | 01.01.2009 | Retirement of Sri.K.Premachandran | 01.06.2007 |
| 2 | P.K.Mukundan | SSLC (Failed) | 01.12.1955 | 18.02.1993 | PO Test | 24.09.1996 | 01.01.2009 | 01.01.2009 | Retirement of Sri.D.Sasidharanpillai | 11.09.2007 |
| 3 | A.Mohanan | SSLC | 16.05.1960 | 18.02.1993 | PO Test | 2000/06 | 19.08.2009 | 19.08.2009 | Promotion of Sri.Marydas | 04.10.2007 |
| 4 | V.Dinesan | SSLC | 26.11.1958 | 17.03.1993 | PO Test | 2007/12 | 11.01.2010 | 11.01.2010 | Post creation GO(Rt) No. 26/2010/TD dated.11.01.2010 | 05.12.2007 |
| 5 | K.Dineshan | MA BEd | 20.05.1978 | 29.03.2010 | MOP Excise Test Account Test (L&H) | 29.03.2010 | 29.03.2010 | 29.03.2010 | Direct Recruitment | |
| 6 | Eby Thomas | BA | 31.08.1982 | 29.03.2010 | Malayalam Test | 29.03.2010 | 29.03.2010 | 29.03.2010 | Direct Recruitment | |
| 7 | C.K.Kunhikelappan | SSLC | 01.06.1955 | 05.03.1993 | PO Test | 1998/12 | 01.04.2010 | 01.04.2010 | Retirement of Sri. K.Sreedharan | 12.08.2008 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 8 | E. Eswaran Namboodiri | SSLC | 05.05.1959 | 16.03.1993 | PO Test | 1998/06 | 01.04.2010 | 01.04.2010 | Retirement of Sri.Gopalan.A.V | 01.11.2008 |
| 9 | T.Sidhanandan | PDC | 05.04.1959 | 10.03.1993 | PO Test | 1996/12 | 01.04.2010 | 01.04.2010 | Promotion of Sri.CC.Anandakumar | 01.12.2008 |
| 10 | C.C.Rajan | SSLC | 22.07.1961 | 08.03.1993 | PO Test | 2008/12 | 01.04.2010 | 01.04.2010 | Retirement of Sri.Balakrishnan K.P | 30.12.2008 |
| 11 | K.Bhaskaran | THSSLC | 10.02.1961 | 14.03.1993 | PO Test | 2000/01 | 01.04.2010 | 01.04.2010 | Retirement of Sri.Bhaskaran.K | 30.12.2008 |
| 12 | V.V.Pushparajan | BA | 24.07.1961 | 03.03.1993 | PO Test | 1995/12 | 08.02.2011 | 08.02.2011 | Post Creation vide GO(Rt) No.21/2011/TD dt.8-2-2011 | 30.12.2008 |
| 13 | P.M.Krishnan | SSLC | 30.05.1963 | 05.03.1993 | PO Test | 1999/12 | 08.02.2011 | 08.02.2011 | Post Creation vide GO(Rt) No.21/2011/TD dt.8-2-11 | 30.12.2008 |
| 14 | C.K.Suresh | SSLC | 31.07.1961 | 06.03.1993 | PO Test | 2002/12 | 08.02.2011 | 08.02.2011 | Post Creation vide GO(Rt) No.21/2011/TD dt.8-2-11 | 30.12.2008 |
| 15 | M.M.Raju | SSLC | 06.1.1962 | 02.09.1993 | PO Test | 1996/06 | 08.02.2011 | 08.02.2011 | Post Creation vide GO(Rt) No.21/2011/TD dt.8-2-11 | 30.12.2008 |
| 16 | V.V.Vinu | BA | 19.04.1974 | 28.03.2011 | | 28.03.2011 | 28.03.2011 | 28.03.2011 | Direct Recruitment | |
| 17 | M.Sudhakaran | SSLC | 25.04.1963 | 19.03.1993 | PO Test, MOP | 1998/12 | 01.04.2011 | 01.04.2011 | Retirement of Sri.Balan.D | 01.01.2009 |
| 18 | K.C.John | B.Com | 22.04.1963 | 01.04.1993 | Excise Test Account Test | 1996/12 | 01.04.2011 | 01.04.2011 | Retirement of Sri.Raveendran.P | 16.06.2009 |
| 19 | P.V.Sreenivasan | SSLC | 08.06.1957 | 11.06.1993 | PO Test | 1997/01 | 01.04.2011 | 01.04.2011 | Retirement of Sri.Joseph.V.J | 19.08.2009 |
| 20 | V.Radhakrishnan | SSLC | 25.07.1962 | 02.06.1994 | PO Test | 2006/06 | 01.04.2011 | 01.04.2011 | Retirement of Sri.Prabhakarn Pillai.R | 19.08.2009 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 21 | T.V.Ramachandran | SSLC | 12.05.1960 | 10.06.1994 | Excise Test Account Test | 1996/12 | 01.04.2011 | 01.04.2011 | Retirement of Sri.Purushothaman.P.V | 19.08.2009 |
| 22 | K.M.Devid | SSLC | 11.05.1960 | 9.06.1994 | PO Test | 1996/12 | 01.04.2011 | 01.04.2011 | Retirement of Sri.Bhaskaran.P.K | 19.08.2009 |
| 23 | P.Mohanadasan | SSLC | 08.05.1962 | 25.01.1992 | PO Test, Excise Test Account Test, MOP | 1995/12 | 01.04.2011 | 01.04.2011 | Retirement of Sri.G.Sivakumar. | 19.08.2009 |
| 24 | P.K.Reghunandanan | SSLC | 15.05.1962 | 25.01.1992 | PO Test | 2002/12 | 01.04.2011 | 01.04.2011 | Retirement of Sri.Balakrishnan.P.P | 26.02.2011 |
| 25 | Pavithran Erayi | SSLC (Failed) | 13.10.1957 | 25.01.1992 | PO Test | 2006/06 | 01.04.2011 | 01.04.2011 | Retirement of Sri.P.K.Mukundan | 26.02.2011 |
| 26 | T.K.Manoharan | SSLC (Failed) | 30.03.1959 | 25.01.1992 | PO Test | 1998/12 | 01.04.2011 | 01.04.2011 | Retirement of Sri.Kunhikelappan | 26.02.2011 |
| 27 | K.P.Anoopkumar | SSLC | 31.05.1959 | 25.01.1992 | PO Test | 2006/12 | 01.04.2011 | 01.04.2011 | Retirement of Sri.Kunhikrishnan.T.P | 26.02.2011 |

**Sd/-**
**Excise Commissioner**